നോമ്പുകാലം
നാലാം ഞായർ

എമ്മാവൂസ്
വചനദൂത്



# വിശുദ്ധിയിൽ നിറയുവിൻ

ബ്ര. ജോമിറ്റ് തുണ്ടുപറമ്പിൽ MCBS

Vol. 12, Issue: 44

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, പ്രിയ സഹോദരങ്ങളേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നമുക്ക് പഴയ മനുഷ്യന്റെ രൂപവും ഭാവവും വെടിഞ്ഞ് പുതിയ മനുഷ്യന്റെ ശൈലിയെ സ്വീകരിക്കുന്നതിനായി സഭാമാതാവ് ധ്യാനവിഷയമായി നൽകുന്നത് വി. മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായം 27 മുതൽ 32 വരെയുള്ള തിരുവചനഭാഗങ്ങളാണ്. മനുഷ്യന്റെ ആന്തരീക അവയവങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഈശോയെയാണ് സുവിശേഷത്തിൽ നമുക്ക് കാണാൻ സാധിക്കുക. വികാരങ്ങൾക്ക് അടിമപ്പെട്ടുകൊണ്ട് ജീവിക്കാനുള്ളതല്ല നമ്മുടെ ജീവിതം. മറിച്ച് ഓരോ ക്രിസ്ത്യാനിയും വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. വി. ക്രിസോസ്തോം ഇപ്രകാരം പറയുന്നു: “ജഡീകവികാരങ്ങൾക്ക് സ്വയം വിട്ടുകൊടുക്കുന്നവർ മനസിലേക്കും ചിന്തയിലേക്കും കാട്ടുമൃഗങ്ങളെ കയറൂരി വിടുന്നവർക്കു തുല്യരാണ്.” ആയതിനാൽ, സഹോദരങ്ങളേ എവിടെ നമ്മുടെ വികാരങ്ങളെ നാം നിയന്ത്രിക്കുന്നുവോ അവിടെ വിശുദ്ധി എന്ന പുണ്യം നാം കൈവരിക്കുന്നു.

ഇന്നത്തെ പഴയനിയമ വായനകളിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും, ജീവിതത്തിൽ വിശുദ്ധിക്ക് എത്രമാത്രം പ്രാധാന്യം ദൈവം കൽപിക്കുന്നുവെന്നത്. ഇന്നത്തെ ഒന്നും രണ്ടും വായനകളിൽ സോദോമിന്റെ പാപവും ദാവീദിന്റെ അനുതാപവും നമ്മൾ കാണുകയുണ്ടായി. ആദ്യത്തെ പ്രഘോഷണത്തിൽ, സോദോം നിവാസികൾ പാപത്തിൽ അശുദ്ധരായി നാശമടയുന്നത് നാം കാണുന്നു. എന്നാൽ പാപം ചെയ്ത ദാവീദാകട്ടെ, അനുതാപത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവനായിത്തീരുന്നതാണ് രണ്ടാമത്തെ പ്രഘോഷണത്തിൽ നാം കാണുക. പിന്നീട്, ലേഖനഭാഗത്തിൽ വിശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിക്കാനുള്ള ആഹ്വാനമാണ്

നൽകുന്നത്. വിശുദ്ധി എന്നത് ശരീരത്തിന്റെ മാത്രം അവസ്ഥയല്ല. ഹൃദയത്തിന്റെ വിശുദ്ധി കൂടിയാണ് സുപ്രധാനം എന്ന് വ്യക്തമാക്കുന്നു. പിന്നീട് മത്തായി ശ്ലീഹാ, ആറാം പ്രമാണത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനമാണ് അഞ്ചാം അധ്യായം 27 മുതൽ 32 വരെയുള്ള തിരുവചനഭാഗങ്ങളിലൂടെ നമ്മുടെ വചനവിചിന്തനത്തിനായി നൽകുക.

ഇന്നത്തെ സുവിശേഷത്തിലൂടെ യേശു വളരെ ശക്തമായി, വഴി തെറ്റിയ സ്നേഹത്തെ അഥവാ വ്യഭിചാരത്തെ താക്കീത് ചെയ്യുന്നുണ്ട്. മനുഷ്യന്റെ ജീവിതം വികാരങ്ങൾക്ക് കീഴ്പ്പെട്ടതാണ്. സ്നേഹിക്കാനും ദ്വേഷിക്കാനുമുള്ള ഒരുവന്റെ കഴിവാണ് അവന്റെ വികാരത്തിന്റ തീവ്രത. ശാരീരികമായ പ്രവർത്തി മാത്രമല്ല മനസിലെ വികാരം കൂടി മനുഷ്യനെ അശുദ്ധനാക്കുകയും അതുവഴി നരകയോഗ്യനാക്കുകയും ചെയ്യുന്നുവെന്ന് യേശു പഠിപ്പിക്കുന്നു. ആയതിനാൽ പ്രിയ സഹോദരങ്ങളേ, പരിശുദ്ധരായി ജീവിക്കേണ്ടതിന്റെയും ഹൃദയം നിർമ്മലമാക്കി സൂക്ഷിക്കേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് ഈശോ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വ്യഭിചാരം എന്ന പാപത്തിന്റെ ആഴം നമുക്ക് മനസിലാക്കിത്തരികയാണ് ഈശോ ഇവിടെ ചെയ്യുന്നത്. അവിടുന്ന് ഇപ്രകാരം പറയുന്നു: ''ജീവിതപങ്കാളിയെ ഉപേക്ഷിച്ച് വേറൊരു വ്യക്തിയെ പരിഗ്രഹിക്കുന്ന ഏതൊരാളും വ്യഭിചാരം ചെയ്യുന്നു.'' മോശയുടെ നിയമപ്രകാരവും ഈ കൃത്യങ്ങൾ വലിയ തിന്മയായിട്ടാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ ഈശോ ഇവിടെ ആറാം പ്രമാണത്തിന്റെ അർത്ഥവ്യാപ്തി അൽപം കൂടി വിസ്തൃതമാക്കുന്നു. അവിടുന്ന് പഠിപ്പിക്കുകയാണ്; ''കാമാസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി ഹൃദയത്തിൽ വ്യഭിചരിച്ചു കഴിഞ്ഞു.'' ഇവിടെ ഈശോ, വ്യഭിചാരം എന്ന പാപത്തിന്റെ ആഴം നമുക്കു മുമ്പിൽ തുറന്നുകാട്ടുകയാണ് ചെയ്യുന്നത്. ഒരുപക്ഷേ, ഇപ്രകാരമുള്ള ഒരു നോട്ടമാകാം ദാവീദിനെ വ്യഭിചാരത്തിലേക്കു നയിച്ചതും.

നമ്മുടെ നിയന്ത്രിക്കപ്പെടാത്ത കാമവികാരങ്ങൾ വ്യഭിചാരത്തിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ചാണ് യാക്കോബ് ശ്ലീഹാ ഇപ്രകാരം എഴുതുന്നത്. ഓരോരുത്തരും സ്വന്തം ദുരാശകളാൽ ആകർഷിക്കപ്പെട്ടും വശീകരിക്കപ്പെട്ടും പരീക്ഷിതരാകുന്നുവെന്ന്. ആയതിനാൽ, സഹോദരങ്ങളേ, ദൈവത്തിൽ പൂർണ്ണമായി അടിയുറച്ചു കൊണ്ട് നമ്മുടെ മനസുകളെ അവിടുത്തേക്ക് വിട്ടുകൊടുത്തു കൊണ്ട് ഒരു വിശുദ്ധമായ ജീവിതം നയിക്കാൻ നമുക്കോരോരുത്തർക്കും പ്രാർത്ഥിക്കാം. പരിശ്രമിക്കാം. വി. അഗസ്റ്റിൻ ഇപ്രകാരം പറയുന്നു: ''ആത്മാവില്ലാത്ത ശരീരം മൃതമാണ്. അതുപോലെ ദൈവമില്ലാത്ത ആത്മാവും മൃതമാണ്.'' നിനക്ക് നിന്റെ ജീവിതത്തിൽ വിശുദ്ധി പ്രാപിക്കാൻ ആഗ്രഹമുണ്ടെങ്കിൽ നിന്റെ മനസിനെ ദൈവസാന്നിധ്യത്തിൽ നിറക്കുക. അപ്പോൾ വിശുദ്ധിയുടെ ഉറവിടമായ ക്രിസ്തു തന്നെ നിന്നെ വിശുദ്ധിയുടെ പരിമളത്താൽ അഭിഷേകം ചെയ്യും. പരിശുദ്ധ കുർബാനയിൽ വൈദികൻ ഇപ്രകാരം ഉരുവിടുന്ന ഒരു പ്രാർത്ഥനയുണ്ട്: ''വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.''

അതെ പ്രിയ സഹോദരങ്ങളേ, പരിശുദ്ധനായ ദൈവത്തിനു വസിക്കാൻ പരിശുദ്ധമായ ഒരു ഹൃദയമാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. ആയതിനാൽ ഈ വിശുദ്ധ കുർബാനയിൽ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. വിശുദ്ധിയുടെ ഉറവിടമായ ഈശോയേ, എന്നെയും നിന്റെ വിശുദ്ധിയാൽ നിറയ്ക്കണമേ എന്ന്. സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ, ആമ്മേൻ.